# അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

# 2026-27
# ബജറ്റ്

**അദ്ധ്യക്ഷൻ :**

## ശ്രീ. കെ. രാധാകൃഷ്ണൻ മാസ്റ്റർ

പ്രസിഡന്റ്, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

**ബജറ്റ് അവതരണം :**

## ശ്രീമതി. സൗദ സലീം

വൈസ് പ്രസിഡണ്ട് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ,
അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

**27 ഫെബ്രുവരി 2026**

സ്ഥലം:- അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് പൊതുസഭാ ഹാൾ സമയം : 27/02/2026 കാലത്ത് 10 മണി.

## ആമുഖ പ്രസംഗം

ഗുണപരമായ മാറ്റം അനുഭവവേദ്യമാകുന്ന എന്ന ബോദ്ധ്യപ്പെടൽ പൊതുജനങ്ങൾക്കുണ്ടാകുമ്പോഴാണ് ഏതൊരു സർക്കാരും വിജയിച്ചു എന്ന് വിലയിരുത്തപ്പെടുന്നത്. സാമൂഹ്യ വ്യവസ്ഥയിലും ജീവിത സാഹചര്യങ്ങളിലും മാറ്റമുണ്ടാക്കാൻ കഴിയുകയാണെങ്കിൽ മാത്രമേ നിർമ്മിക്കപ്പെടുന്ന ആസ്തികളുടെ പ്രഖ്യാപനങ്ങൾക്ക് പ്രസക്തിയുണ്ടാകുകയുള്ളൂ. അത്തരമൊരു കാഴ്ചപ്പാടിലൂന്നിയുള്ള വികസന സങ്കൽപമാണ് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് മുന്നോട്ട് വെയ്ക്കാനുള്ളത്.

പാർശ്വവൽക്കരിക്കപ്പെടുന്ന വിഭാഗമോ മേഖലകളോ ഉണ്ടാകാത്ത വിധത്തിൽ ഒരു വികസന സമവാക്യം ആവശ്യമാണ്. പക്ഷേ എല്ലാ മേഖലകളേയും തൃപ്തിപ്പെടുത്തിയുള്ള ഒരു പ്രവർത്തന പട്ടിക തയ്യാറാക്കൽ അസാദ്ധ്യവുമാണ്. നിലവിലുള്ള വിഭവ സ്രോതസ്സിൻറെ പരിമിതിയിൽ നിന്നുകൊണ്ടുള്ള വികസന ചട്ടക്കൂട് തയ്യാറാക്കുക എന്നത് മാത്രമാണ് സാദ്ധ്യമാകുന്നത്. ആ നിലയിൽ പരിഗണന അനിവാര്യമാണ് എന്ന് വ്യക്തമാകുന്ന മേഖലകൾ കണ്ടെത്തി വികസനത്തിൻറെ തണലേകുക എന്ന കാഴ്ചപ്പാടാണ് ഗ്രാമപഞ്ചായത്ത് വികസന പദ്ധതികളിലൂടെ മുന്നോട്ട് വെയ്ക്കുന്നത്.

ഏതൊരാളുടേയും സാമാന്യ സങ്കൽപങ്ങളിൽപ്പെടുന്നവയാണ് തലചായ്ക്കാൻ ഒരു വീട്, കുടിവെള്ളം, ഇരുളകറ്റാൻ വൈദ്യുതി, പട്ടിണിയില്ലാത്ത ദിവസങ്ങൾ എന്നിവ ഗ്രാമപഞ്ചായത്തിലെ ഭവന രഹിതരായ നിരവധിപേർ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളായി വന്നിട്ടുണ്ട്. സർക്കാർ സംവിധാനങ്ങളിലുടെയും പരമ്പരാഗത വിഭവ സമാഹരണത്തിലൂടെയും പരമാവധി ഗുണഭോക്താക്കൾക്ക് എത്രയും വേഗത്തിൽ സഹായം ലഭിക്കുന്നതിന് ടി പദ്ധതി ലക്ഷ്യമിടുന്നു. വ്യക്തി എന്ന നിലയിലും സാമൂഹ്യ ജീവി എന്ന നിലയിലും നമ്മുടെ പ്രകൃതി വിഭവങ്ങൾ വരും തലമുറയ്ക്ക് പ്രയോജനകരമാംവിധം ഇതിലും നല്ലതായി കൈമാറുക എന്നത് നാം ഓരോരുത്തരുടേയും കടമയാണ്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 165 -ാം വകുപ്പ് പ്രകാരമുള്ള മൂന്നാം പട്ടികയിലെ 27 അനിവാര്യചുമതലകളും അതോടൊപ്പം പൊതു ചുമതലകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുണ്ട്.

ലഭ്യമാകുന്ന സാമ്പത്തിക വിഭവങ്ങളുടെ നൂറ് ശതമാനം ഉപയുക്തത നമ്മൾ ലക്ഷ്യമിടുന്നു. എന്നാൽ അതിനായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഒന്നും തന്നെ സാമാന്യവൽക്കരിക്കാനോ ലളിതവൽക്കരിക്കാനോ നാം ശ്രമം നടത്തുന്നില്ല, ചുരുക്കത്തിൽ എങ്ങനെയെങ്കിലും 100 ശതമാനം പദ്ധതി

പൂർത്തീകരിക്കുക എന്നതല്ല കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ നിലവാരത്തിൽ 100 ശതമാനം പുരോഗതി ആർജ്ജിക്കുക എന്നതാണ് നമ്മൾ മുന്നോട്ട് വെയ്ക്കുന്ന വികസനം.

നമുക്കെല്ലാം അറിവുള്ളത് പോലെ തന്നെ വികസനഫണ്ട് തന്നെയാണ് നമ്മുടെ പ്രധാന വിഭവ സ്രോതസ്സ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയത് ഗുണണപരമായി കാണാവുന്നതാണ്. കാലാകാലങ്ങളായി സർക്കാർ ഉത്തരവുകളിലൂടെ രൂപപ്പെട്ട ചട്ടക്കൂടിനകത്ത് നിന്നു മാത്രമേ നമ്മുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ആ നിലയിൽ അതത് മേഖലകളിൽ ഫണ്ട് മാറ്റി വെച്ചുകൊണ്ടും യാതൊരു രീതിയിലും വകമാറ്റപ്പെടാതെയും കുട്ടികൾ, വനിതകൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, പട്ടികജാതിക്കാർ ഉൾപ്പെടയുള്ള എല്ലാ വിഭാഗങ്ങൾക്കും അർഹതപ്പെട്ട മുൻഗണന ഗ്രാമപഞ്ചായത്ത് നൽകുന്നതാണ്. കാലാനുസൃതമായി ലഭിക്കുന്ന ഫണ്ട് അനുസരിച്ച് പരമാവധി പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്ന നയമാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്.

ലഭ്യമായ ധനസ്രോതസ്സുകളെക്കുറിച്ച് ബജറ്റ് അവതരണത്തിൽ പ്രതിപാദിക്കുന്നതാണ്. സർക്കാരിൻറെ വിവിധ മിഷനുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തുക നീക്കി വെയ്ക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് പ്രകാരം തുക മാറ്റി വെച്ചിട്ടുള്ളതാണ്.

ബജറ്റ് അനുബന്ധപ്രവർത്തനങ്ങൾക്കും ഫലപ്രാപ്തിയോടെയുള്ള പദ്ധതി നടത്തിപ്പിനും എല്ലാ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും എല്ലാ ജനവിഭാഗം ആളുകളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

കെ. രാധാകൃഷ്ണൻ മാസ്റ്റർ
പ്രസിഡണ്ട്
അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

# ബജറ്റ് അവതരണം

അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൻറെ 2026–27 സാമ്പത്തിക വർഷത്തിലെ ബജറ്റ്, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 ഉം, 2008 ലെ കേരളാ പഞ്ചായത്ത് രാജ് ബജറ്റ് നിർമ്മാണ ചട്ടങ്ങളും, ഉപചട്ടങ്ങളും പ്രകാരം സദസ്സിന് മുൻപാകെ ഞാൻ അവതരിപ്പിക്കുകയാണ്. നാം പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങളുടെ അവസാന വർഷത്തിലെ പദ്ധതിരൂപീകരണ പ്രവർത്തനങ്ങൾക്കായി വികസനസെമിനാർ ഉൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട പദ്ധതികളെക്കുറിച്ചും നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളേക്കുറിച്ചും ദീർഘവീക്ഷണം നടത്തി ഉറച്ച കാൽവെയ്പുകളോടെ മുന്നോട്ട് പോകേണ്ട അന്തരീക്ഷം സംജാതമായിരിക്കുന്നു. എല്ലാ മേഖലയിലും തുക വകയിരുത്തുവാനും മുൻ വർഷങ്ങളിലെ വികസന പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടുപോകാൻ ഭരണ സമിതിക്ക് സാധിക്കുന്ന തരത്തിൽ ഈ ബജറ്റിൽ നീതി പുലർത്തുവാൻ ശ്രമിച്ചിട്ടുണ്ട്.

ഈ ഭരണസമിതി നിലവിൽ വന്നതിനുശേഷമുള്ള ആദ്യത്തെ ബഡ്ജറ്റാണ് ഞാൻ അവതരിപ്പിക്കുന്നത്. മുൻവർഷങ്ങളിൽ ഈ ഗ്രാമപഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളായ മഹദ്‌വ്യക്തികളെ നന്ദിയോടെ സ്മരിക്കുന്നു. അവർ വെട്ടിത്തെളിച്ച വഴികളിലൂടെ സഞ്ചരിക്കുവാൻ അവസരം ലഭിച്ചതിൽ അഭിമാനിക്കുകയും ചെയ്യുന്നു. കുന്നോളം ആവശ്യങ്ങളും കുന്നിക്കുരുവോളം വിഭവങ്ങളും ഉള്ള സാഹചര്യത്തിൽ നിന്നാണ് ബജറ്റ് തയ്യാറാക്കിയതെങ്കിലും എല്ലാ മേഖലകൾക്കും ലഭ്യമായ തുക വകയിരുത്തി സന്തുലിതമായ ബജറ്റാക്കാൻ ശ്രമിച്ചിട്ടുണ്ട്.

മാലിന്യമുക്ത നവകേരളത്തിന്റെ ചുവട് പിടിച്ച്കൊണ്ട് മാലിന്യമുക്ത അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് സമഗ്രമായ പദ്ധതികളാണ് നാം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. അതിന്റെ അംഗീകാരമെന്നോണം നമ്മുടെ ഹരിതകർമ്മസേനക്ക് നിരവധി അംഗീകാരങ്ങൾ ഇതിനോടകം ലഭിച്ചുകഴിഞ്ഞു. 100 ശതമാനം യൂസർഫീ കളക്ഷൻ ലക്ഷ്യമിട്ടാണ് നാം മുന്നേറുന്നത്. സംസ്ഥാന സർക്കാരിൻറെ ഏറ്റവും പ്രധാനപ്പെട്ട നൂതന വികസന ഇടപെടൽ ശുചിത്വം, ജലം, കൃഷി എന്നിവയെ ആസ്പദമാക്കി ഹരിതകേരള മിഷനും ആരോഗ്യ മേഖലയിൽ ആർദ്രം മിഷനും വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ സംരക്ഷണ യജ്ഞവും പാർപ്പിടത്തിന് ലൈഫ് മിഷനും ഉൾപ്പെടുന്നതാണ്. ഈ പദ്ധതികളെ ജനകീയാസൂത്രണവുമായി സംയോജിപ്പിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള ആസൂത്രണമാണ് സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൻറെ ചുവട് പിടിച്ചുകൊണ്ടാണ് അമ്പലപ്പാറ

ഗ്രാമപഞ്ചായത്തിൻറെ 2026-27 ലെ ബഡ്ജറ്റ് ഈ സഭയ്ക്ക് മുൻപാകെ ഞാൻ അവതരിപ്പിക്കുന്നത്.

നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് കാർഷിക മേഖലയാണ്, ആയതിനാൽ തന്നെ ഈ മേഖലയുടെ സുസ്ഥിര വികസനത്തിന് ഉതകുന്ന തരത്തിൽ പദ്ധതികൾ വിഭാവനം ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ട്. നമ്മുടെ നാടിൻറെ ജനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കാണ് എന്നും നമ്മൾ മുൻകൈ എടുത്തിട്ടുള്ളത്. സംസ്ഥാന സർക്കാരിൻറെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയിൽ 1,63,00000/- രൂപ വകയിരുത്തിയിട്ടുണ്ട്. കുട്ടികൾ നേരിടുന്ന സങ്കീർണമായ പല പ്രശ്നങ്ങളും നേരിടുന്നതോടൊപ്പം കുട്ടികളുടെ ആരോഗ്യം, പോഷണം, വിദ്യാഭ്യാസം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്.

സുസ്ഥിര വികസന സൂചിക എന്നത്, ഐക്യരാഷ്ട്രസഭ മുന്നോട്ട് വെച്ച സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ രാജ്യങ്ങളും സംസ്ഥാനങ്ങളും കൈവരിച്ച പുരോഗതി വിലയിരുത്താൻ ഉപയോഗിക്കുന്ന ഒരു പ്രധാന ഉപകരണമാണ്. ദാരിദ്ര്യം കുറയ്ക്കൽ, വിദ്യാഭ്യാസം, ആരോഗ്യം, ലിംഗസമത്വം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വിവിധ മേഖലകളിലെ പ്രകടനം ഇതിൽ പരിഗണിക്കുന്നു. ഇന്ത്യയിൽ, നീതി ആയോഗ് ആണ് ഈ സൂചിക തയ്യാറാക്കുന്നത്. 2026-27 വർഷത്തിൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് മുന്നോട്ട് വച്ചിട്ടുള്ള തീം ശിശുസൗഹൃ ഗ്രാമപഞ്ചായത്ത് ആണ്.

ഭരണപക്ഷവും പ്രതിപക്ഷവും പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രസക്തിമല്ലാത്തതിനാൽ പഞ്ചായത്തിൻറെ വികസന യാത്രയിലെ പരസ്പര സഹകരണത്താൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ ഭാവി ഭാസുരമാക്കുവാനുള്ള യത്നത്തിൽ നമുക്ക് ഒരുമിച്ച് പങ്കാളികളാകാം. ഇനിയുള്ള പഞ്ചായത്തിൻറെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിൻബലം നൽകുന്നതിനായി അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൻറെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകാരത്തിനായി സദസ്സിന് മുൻപാകെ സമർപ്പിക്കുന്നു.

## <u>പശ്ചാത്തലമേഖല</u>

ഗ്രാമപഞ്ചായത്തുകൾ പശ്ചാത്തല സൗകര്യ വികസനത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. റോഡുകൾ, പാലങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതി, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയുടെ നിർമ്മാണവും പരിപാലനവുമാണ് ഇതിൽ ഉൾപ്പെടുന്നത്. ഇത് ഗ്രാമങ്ങളുടെ സമഗ്രമായ വികസനത്തിനും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനും സഹായിക്കുന്നു. ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നത്,

ഗ്രാമപഞ്ചായത്തുകളുടെ സമഗ്രമായ വികസനത്തിന് വളരെ പ്രധാനമാണ്. ഇതിൽ, പുതിയ റോഡുകളുടെ നിർമ്മാണം, നിലവിലുള്ളവയുടെ പുനരുദ്ധാരണം, പാലങ്ങളുടെ നിർമ്മാണം, ബസ് ഷെൽട്ടറുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. മെച്ചപ്പെട്ട ഗതാഗതം, കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാനും, വിദ്യാഭ്യാസ ആവശ്യങ്ങൾക്കായും, അടിയന്തര സാഹചര്യങ്ങളിലും വളരെ പ്രയോജനകരമാണ്. ഇത് പ്രദേശവാസികളുടെ സമയം ലാഭിക്കാനും, ജീവിതനിലവാരം ഉയർത്താനും സഹായിക്കുന്നു. 2026–27 വർഷത്തിൽ പശ്ചാത്തല സൗകര്യ വികസനത്തിന് 1,41,45000/- രൂപ വകയിരുത്തുന്നു.

## കാർഷിക മേഖല

ഗ്രാമപഞ്ചായത്തുകൾ കാർഷിക വികസനത്തിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് വഹിക്കുന്നത്. കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുക, പുതിയ കൃഷി രീതികൾ പരിചയപ്പെടുത്തുക, വിത്തുകളും വളങ്ങളും ലഭ്യമാക്കുക, കാർഷിക വായ്പകൾക്ക് സഹായിക്കുക തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, വിളകൾക്ക് മികച്ച വില ലഭിക്കാനുള്ള മാർഗ്ഗങ്ങളും പഞ്ചായത്തുകൾ ഒരുക്കാറുണ്ട്. ഇത് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താൻ സഹായിക്കുന്നു

കർഷക തൊഴിലാളികളുടെ ലഭ്യത കുറവിനെ തുടർന്നും, ഉയർന്ന കൂലി ചെലവിന് തുടർന്നും നെൽകൃഷി ലാഭകരമല്ലാതായി വരുന്ന ഈ കാലഘട്ടത്തിൽ നെൽ കർഷകർക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ മുൻ വർഷങ്ങളിൽ ചെയ്തിരുന്നത് പോലെ തന്നെ സമഗ്ര നെൽകൃഷി വികസനത്തിന് 6900000/- രൂപ നീക്കിവെച്ചിട്ടുണ്ട്. തേനീച്ച കൃഷി നല്ലൊരു സംരംഭസാധ്യതയാണ്. കുറഞ്ഞ മുതൽമുടക്കിൽ നല്ല വരുമാനം നേടാൻ സാധിക്കും. തേൻ, മെഴുക് എന്നിവകൂടാതെ, കൃഷിയിടങ്ങളിൽ പരാഗണം മെച്ചപ്പെടുത്താനും തേനീച്ച വളർത്തൽ സഹായിക്കുന്നു. അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ പൈലറ്റായി പദ്ധതി നടപ്പാക്കുന്നതിന് 1000000/- വരയിരുത്തുന്നു. കൂൺ കൃഷി ഇപ്പോൾ വളരെ പ്രശസ്തമായ ഒരു കൃഷി രീതിയാണ്. കുറഞ്ഞ സ്ഥലത്തും, അധികം കായികാധ്വാനമില്ലാതെയും മികച്ച വരുമാനം നേടാൻ കഴിയും എന്നതാണ് ഇതിന്റെ പ്രത്യേകത. താപനിലയും, ഈർപ്പവും, വായുസഞ്ചാരവും ഒക്കെ ശ്രദ്ധിച്ചാൽ ആർക്കും വിജയകരമായി കൂൺ കൃഷി ചെയ്യാവുന്നതാണ്. പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിന് 200000/- രൂപ വകയിരുത്തുന്നു. തെങ്ങ് കൃഷിക്ക് വേണ്ടി നടത്തിയ പഠനത്തിൽ സൂക്ഷ്മമൂലകമായ ബോറോണിന്റെ കുറവ് ശ്രദ്ധയിൽപ്പെട്ടത് നികത്തുന്നതിന് 150000/- രൂപയും, ചെണ്ടുമല്ലി കൃഷി, ഹൈബ്രിഡ് പച്ചക്കറി വിത്ത് വിതരണം എന്നീ മേഖലകളിലും തുക വകയിരുത്തുന്നു. കാർഷിക മേഖലയ്ക്ക് ആകെ 9087000/- രൂപ വകയിരുത്തുന്നു. കൃഷിക്കാരുടെ ഏറെ നാളത്തെ പരാതികൾക്ക് ചെറിയ ആശ്വാസം പകരുന്ന

രീതിയിൽ കാട്ടുപന്നി ശല്യം നിയന്ത്രിക്കാൻ സർക്കാർ ഉത്തരവനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്.

## മൃഗസംരക്ഷണം

മറ്റു പഞ്ചായത്തുകളെ താരതമ്യം ചെയ്യുകയാണെങ്കിൽ നിരവധി മാതൃകാപരമായ പദ്ധതികൾ മൃഗസംരക്ഷണ മേഖലയിൽ ആവിഷ്കരിക്കാനും നടപ്പിലാക്കാനും ഇതിനോടകം അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മൃഗസംരക്ഷണവും ക്ഷീര വികസനം സമാന്തരമായി ഫലപ്രാപ്തി കൈവരിക്കുക എന്ന ലക്ഷ്യമിട്ട് വരും വർഷവും ഗ്രാമപഞ്ചായത്തിലെ സാധാരണക്കാരായ ജനങ്ങൾക്ക് ജീവനോപാധിയായി കറവപ്പശു, ആട്ടുവളർത്തൽ എന്നിവയ്ക്കായി 3100000/- രൂപ വകയിരുത്തുന്നു. മൃഗസംരക്ഷണമേഖലക്ക് ആകെ 4100000/- വകയിരുത്തുന്നു.

## ക്ഷീരോത്പാദനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ നാല് ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഏകദേശം 329 ക്ഷീര കർഷകർ ഇതിൽ അംഗങ്ങളാണ്. ദിനംപ്രതി 1889 ലിറ്റർ ഓളം പാൽ ഈ കർഷകർ ഉത്പാദിപ്പിക്കുന്നുണ്ട്. ഗ്രാമീണ മേഖലയിലെ ഒരു മുഖ്യ വരുമാനമാർഗമായ ക്ഷീരോല്പാദന മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിന് ഈ ബജറ്റ് ലക്ഷ്യമിടുന്നു. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിയായി 800000/- രൂപയും, ധാതുലവണം വിരമരുന്ന് ഇനത്തിൽ 360000/-, 100 ശതമാനം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് 2500000/- രൂപ വകയിരുത്തുന്നു.

## പട്ടികജാതിക്ഷേമം

ഒട്ടേറെ പദ്ധതികൾ പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പരിപൂർണ്ണമായും ഇവ ലക്ഷ്യപ്രാപ്തി നേടിയിട്ടുണ്ടോ എന്നുള്ള കാര്യം പരിശോധിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഈ വിഭാഗം ജനങ്ങളെ കൈപിടിച്ച് ഉയർത്തി കൊണ്ടുവരുന്നതിന് ആവശ്യമായ വിവിധ പ്രവർത്തനങ്ങൾ പഞ്ചായത്ത് നടത്തി വരുന്നുണ്ട്. ഈ ബജറ്റിലും പ്രത്യേക പരിഗണന നൽകുന്നു.

അനുകൂല ജീവിത സാഹചര്യങ്ങളുടെ അഭാവത്തിൽ പഠിച്ച് മുന്നേറാൻ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കഴിയാതെ വരുന്നു. ഇവർക്ക് വേണ്ടുന്ന സാമ്പത്തിക സഹായം ഉറപ്പുവരുത്തുന്നതിന് വേണ്ടി 3050000/- രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് 250000/- വകയിരുത്തുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ

വിവാഹധനസഹായത്തിന് 1250000/- വകയിരുത്തുന്നു. പട്ടികജാതി വിഭാഗക്കാരുടെ പ്രധാന ആവശ്യമായ ഭവന നിർമ്മാണം, വീട് വാസയോഗ്യമാക്കാൻ പദ്ധതിക്കായി 5600000/- രൂപ വകയിരുത്തുന്നു. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഇപ്രാവശ്യം പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായവും അനുവദിക്കുന്നതാണ്.

## സാമൂഹ്യ ക്ഷേമം

### 1. പാർപ്പിടം (ലൈഫ്, പി.എം.എവൈ, ഭവന പുനരുദ്ധാരണം ഉൾപ്പെടെ)

സംസ്ഥാന ബജറ്റിൽ പ്രാമുഖ്യം നൽകിയ പാർപ്പിട മേഖലക്ക് ജനറൽ, എസ് വിഭാഗങ്ങൾക്ക് ഉൾപ്പെടെ 1,68,00000/- രൂപ വകയിരുത്തുന്നു.

### 2. കുട്ടികൾക്കും ഭിന്നശേഷിക്കാർക്കുമുള്ള പദ്ധതി

ശിശുസൗഹൃദ ഗ്രാമം എന്നത്, സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ, പ്രത്യേകിച്ച് കുട്ടികളുടെ ക്ഷേമവുമായി ബന്ധപ്പെട്ടവയിൽ, ഊന്നൽ നൽകുന്ന ഒരു പ്രധാന ഘടകമാണ്. കുട്ടികൾക്ക് സുരക്ഷിതമായ അന്തരീക്ഷം, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങൾ തുടങ്ങിയവ ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ധനകാര്യ കമ്മീഷൻ ഗ്രാൻഡ് തുകയിൽ 25 ശതമാനം (11,63,000/-) രൂപ ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പഞ്ചായത്ത് വിഹിതമായി വകയിരുത്തുന്നു.

### 3. വയോജന ക്ഷേമം

കേന്ദ്ര സംസ്ഥാന വയോജന നയങ്ങളെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിലെ വയോജനങ്ങൾക്ക് ഗുണകരമാവുന്ന വിധത്തിൽ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. കൂട്ടുകുടുംബ വ്യവസ്ഥ ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് വീടിൻറെ ചുവരുകൾക്കുള്ളിൽ ഒതുങ്ങി കടുത്ത ഏകാന്തത അനുഭവിക്കേണ്ടിവരുന്ന വൃദ്ധജനങ്ങളുടെ ശാരീരികവും മാനസികവുമായ ഉല്ലാസത്തിനും പരിപാലനത്തിനും മതിയായ സൗകര്യങ്ങൾ ഒരുക്കി നൽകേണ്ടത് സമൂഹത്തിൻറെ കടമയാണ്. ഉത്തരവാദിത്തമാണ് വയോജനക്ഷേമ പരിപാടികൾക്കായി 6,30,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

### 4. ആരോഗ്യം

പഞ്ചായത്തിലെ നിലവിലെ ആരോഗ്യ ഉപകേന്ദ്രങ്ങൾ, സർക്കാർ നിർദ്ദേശമനുസരിച്ച് വെൽനസ്സ് സെൻ്ററുകളായി മാറ്റപ്പെടുകയാണ്. ഇതിനെ അനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഊന്നൽ നൽകുന്നു. സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക പാലിയേറ്റീവ്

കെയർ യൂണിറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക പരിചരണം ആവശ്യമായ രോഗികൾക്ക് സാന്ത്വന പരിചരണത്തോടൊപ്പം മരുന്നുകൾ, പോഷകാഹാരങ്ങൾ, ഉപകരണങ്ങൾ എന്നിവ നൽകിവരുന്നു. മേൽ ആരോഗ്യ പ്രവർത്തനങ്ങൾക്കായി 42,00000/- രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിലെ ഹോമിയോ ഡിസ്പൻസറി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പുതിയ കെട്ടിട നിർമ്മാണം സജീവ പരിഗണനയിലാണ്.

## ശുചിത്വം/ മാലിന്യ സംസ്കരണം

അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് 40 അംഗങ്ങളടങ്ങുന്ന ഹരിതകർമ്മസേന നിരവധി അംഗീകാരങ്ങൾ നേടി ജില്ലക്ക് മാതൃക സൃഷ്ടിച്ചിട്ടുണ്ട്. യൂസർ ഫീ കളക്ഷൻ 100 ശതമാനത്തിലാക്കാനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വ്യാപാരി വ്യവസായി വിഭാഗത്തിന്റെ നിർലോഭമായ പിന്തുണ ഇക്കാര്യത്തിലുണ്ട് എന്ന് പ്രത്യേകം പരാമർശിക്കേണ്ടതാണ്. മാലിന്യമുക്ത പരിപാടികളിലേക്കായി 34,00000/- രൂപ വകയിരുത്തുന്നു. അമ്പലപ്പാറ II ലെ പ്രധാന എം.സി.എഫ് പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. 2000000/- രൂപ എം.സി.എഫ് 2 ലേക്കുള്ള ഗതാഗത സൗകര്യ വികസനത്തിന് വകയിരുത്തുന്നു.

## യുവജനക്ഷേമം

കല, കായികം, സംസ്കാരം, യുവജനക്ഷേമത്തിനായി 230000/- ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ യുവജന ക്ലബ്ബുകളുടെ സഹകരണത്തോടെ കേരളോത്സവം മികച്ച രീതിയിൽ നടപ്പാക്കാനും തുടർച്ചയായി 2 വർഷങ്ങളിൽ ബ്ലോക്ക് ചാമ്പ്യൻമാരാകാനും നമുക്ക് കഴിഞ്ഞിരുന്നു.

## വനിതാ ക്ഷേമം

വനിതാക്ഷേമ പദ്ധതികൾക്കായി ബജറ്റിൽ 51,00000/- രൂപ വകയിരുത്തുന്നു. കുടുംബശ്രീ അംഗങ്ങളെ ഫോക്കസ് ചെയ്തുകൊണ്ട് അവർക്ക് സംരംഭം തുടങ്ങുന്നതിന് സബ്സിഡി നൽകുന്നതിന് 22,00000/- വകയിരുത്തുന്നു. കൂടാതെ ഡ്രൈവിംഗ്, പരിശീലം, തയ്യൽ പരിശീലനം, വനിതാ വ്യവസായകേന്ദ്രങ്ങൾ സജീവമാക്കൽ എന്നിവക്കായി തുക വകയിരുത്തുന്നു.

## മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മികച്ചരീതിയിൽ ഗ്രാമപഞ്ചായത്തിൽ നടന്നുവരുന്നു, എങ്കിൽപോലും കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. ഈ വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ഗ്രാമീണ റോഡുകളുടെ നിർമ്മാണം, ജലസേചന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ,

കാർഷിക മേഖല പശ്ചാത്തല പ്രവർത്തനങ്ങൾ, എന്നിവ ലക്ഷ്യമിടുന്നു. മാലിന്യനിർമ്മാർജ്ജനം ത്വരിതപ്പെടുത്തുന്നതിനായി സോക്ക്പിറ്റ്, കംപോസ്റ്റ് പിറ്റ് എന്നിവക്ക് ഊന്നൽ കൊടുക്കുന്നു. കൂടാതെ തെളിനീരൊഴുകും നവകേരളം ലക്ഷ്യമാക്കി ജലസേചന സൗകര്യങ്ങൾക്കായി തോടുകളുടേയും നീർച്ചാലുകളുടേയും കുളങ്ങളുടേയും ആഴം കൂട്ടൽ പാർശ്വഭിത്തി നിർമ്മാണം എന്നിവയും നടപ്പാക്കുന്നതാണ്. ആസ്തി വികസന പദ്ധതികൾക്ക് ഇക്കൊല്ലം കൂടുതൽ പ്രാധാന്യം കൊടുക്കുന്നു. 6,90,0000/- ഈ മേഖലക്ക് പ്രതീക്ഷിക്കുന്നു.

2026-27 വർഷത്തെ വിഹിതമായി താഴെ കൊടുത്തിരിക്കുന്ന പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്

1. പൊതു വിഭാഗം - 4,22,37,000/-
2. പട്ടികജാതി വിഭാഗം - 1,67,21,000/-
3. മെയിന്റനൻസ് ഗ്രാന്റ് - 3,23,93,000/-
4. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് - 43,42,000/-
5. ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1,12,45,000/-

നവകേരള മിഷന്റെ ഭാഗമായ എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ലൈഫ് പദ്ധതി, സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഹരിത കേരളം പദ്ധതി, എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ആർദ്രം പദ്ധതി, എല്ലാവർക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ പദ്ധതികൾക്ക് ഈ ബജറ്റിൽ പ്രാമുഖ്യം നൽകിയിട്ടുണ്ട്.

| പെർഫോമൻസ് ബജറ്റ് | | | | | | |
|---|---|---|---|---|---|---|
| ക്രമ നം | പ്രോജക്ടിന്റെ/ സ്കീമിന്റെ പേര് | വിഹിതം (രൂപ) | | | ഫലം | പ്രതീക്ഷിത പരിണിത ഫലം |
| | | നോൺ പ്ലാൻ ബജറ്റ് | പ്ലാൻ ബജറ്റ് | ആകെ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | നെൽകൃഷി ചെയ്യുന്നവർക്കുള്ള ഉത്പാദന ബോണസ് | 80000 | 0 | 80000 | 160 | നെൽകൃഷി പ്രോത്സാഹനം |
| 2 | അങ്കണവാടി പോഷകാഹാര പദ്ധതി | 0 | 2680000 | 2680000 | | ന്യൂന പോഷണം തടയുന്നു. |
| 3 | തേനീച്ചകൃഷി | 0 | 1000000 | 1000000 | | തേൻ ഉത്പാദനം |
| 4 | കൂൺ കൃഷി | 0 | 200000 | 200000 | | കൂൺ ഉത്പാദനം |

| | | | | | | |
|---|---|---|---|---|---|---|
| 5 | കാലിത്തീറ്റ വിതരണം | 0 | 2475000 | 2475000 | | പാലുത്പാദന വർദ്ധനവ് |
| 6 | പഠനമുറി | 0 | 1800000 | 1800000 | | മെച്ചപ്പെട്ട പഠനാന്തരീക്ഷം |
| 7 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1000000 | 0 | 1000000 | | യാത്ര സുരക്ഷിതമാക്കുന്നു |

**ജെൻഡർ ബജറ്റ്**

| ക്രമ നം | പ്രോജക്ടിന്റെ/ സ്കീമിന്റെ പേര് | വിഹിതം (രൂപ) | | | ഫലം | പ്രതീക്ഷിത പരിണിത ഫലം |
|---|---|---|---|---|---|---|
| | | നോൺ പ്ലാൻ ബജറ്റ് | പ്ലാൻ ബജറ്റ് | ആകെ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | വനിതകൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം | | 2160000 | 2160000 | 40 | സംരംഭകത്വ പ്രോത്സാഹനം |
| 2 | വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം | | 1300000 | 1300000 | 100 | സ്ത്രീകളുടെ നൈപുണ്യ വികസനം |

ലൈഫ് ഭവന പദ്ധതി, പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ, വനിതാ ക്ഷേമ പ്രവർത്തനങ്ങൾ, കുട്ടികളുടെയും വയോജനങ്ങളുടെയും ക്ഷേമപ്രവർത്തനങ്ങൾ, കാർഷികരംഗം, ക്ഷീരമേഖല, മൃഗസംരക്ഷണമേഖല, ഗ്രാമീണ റോഡുകളുടെ നിർമ്മാണം കുടിവെള്ളക്ഷാമ നിവാരണ പദ്ധതികൾ, എല്ലാത്തിനും ഉപരിയായി ആരോഗ്യ വിദ്യാഭ്യാസ മേഖല എന്നിങ്ങനെ എല്ലാ ആവശ്യമേഖലകൾക്കും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. നവകേരള നിർമ്മിതിക്കായി സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

വിവിധ സ്രോതസ്സുകളിൽ നിന്നും 28,97,80,904/- രൂപവരവും 24,25,25,452/- രൂപ ചെലവും 4,72,55,452/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2026-27 വർഷത്തെ ബജറ്റ് വിശദമായ ചർച്ചകൾക്കും അംഗീകാരങ്ങൾക്കുമായി വിനയപുരസ്സരം സദസ്സിന് മുമ്പാകെ സമർപ്പിക്കുന്നു.

# AMBALAPPARA GRAMAPANCHAYAT

## BUDGET - 2026-27

| SN | HEAD OF ACCOUNTS | BUDGET FOR THE CURRENT YEAR (2025-26) | BUDGET FOR NEXT YEAR (2026-27) |
|---|---|---|---|
| | **Opening Balance** | **46185524** | **93285596** |
| | **Revenue Receipt - 1** | | |
| | **Tax Revenues - 110** | | |
| 1 | 1100107 Property Tax On Residential Buildings | 4000000 | 4300000 |
| 2 | 1100108 Property Tax On Non-Residential Buildings | 4000000 | 4300000 |
| 3 | 1101001 Profession Tax – Employees | 1300000 | 1300000 |
| 4 | 1101002 Profession Tax - Traders/ Institutions | 700000 | 700000 |
| | **Total Tax Revenues** | **10000000** | **10600000** |
| | **Fees and User Charges - 140** | | |
| 5 | 1401001 Private Hospital & Paramedical Institutions Registration Fee | 1000 | 1000 |
| 6 | 1401101 License Fees for IFTEOS | 400000 | 400000 |
| 7 | 1401106 License Fees for Domestic Dogs | 10000 | 10000 |
| 8 | 1401107 Licence Fees For Livestock Farms | 7000 | 7000 |
| 9 | 1401199 Other Licensing Fees | 5000 | 5000 |
| 10 | 1401201 Fees for Construction of Buildings | 2000000 | 2000000 |
| 11 | 1401202 Fees for Installation of Machinery | 2000 | 2000 |
| 12 | 1401203 Permit Application fee | 200000 | 200000 |
| 13 | 1401205 Fees for Erection of Telecommunication Tower | 20000 | 20000 |
| 14 | 1401301 Fees for Birth & Death Certificate | 0 | 2500 |
| 15 | 1401302 Fees for Delayed Registration - Birth & Death | 500 | 1000 |
| 16 | 1401304 Fee for Marriage Registration | 25000 | 40000 |
| 17 | 1401305 Fee for Non Availability Certificate | 500 | 1000 |
| 18 | 1401306 Fee for Correction in Registration | 2500 | 2500 |
| 19 | 1401399 Fees for Other Certificates or Extracts | 9000 | 5000 |

| | | | |
|---|---|---|---|
| 20 | 1401401 Fees under RTI Act | 1000 | 1000 |
| 21 | 1401701 Regularization Fees | 700000 | 700000 |
| 22 | 1401702 Regularization Fees for Unauthorised Construction | 50000 | 0 |
| 23 | 1401801 Application Fee | 5000 | 5000 |
| 24 | 1401802 Application Fee - Unauthorised Construction Regularisation | 5000 | 0 |
| 25 | 1402001 Penal Interest | 200000 | 300000 |
| 26 | 1402003 Other Penalities and Fines | 10000 | 100000 |
| 27 | 1402004 Compounding Fee | 1000 | 1000 |
| 28 | 1402005 Fine for Dumping Waste | 25000 | 100000 |
| 29 | 1402006 Fine imposed by Health Authorities | 100000 | 100000 |
| 30 | 1404001 Fees for removal of Encroachment | 25000 | 0 |
| 31 | 1404002 Notice Fees | 25000 | 25000 |
| 32 | 1404004 Ownership Change Fees - Fine | 100000 | 100000 |
| 33 | 1404005 License Change Fees | 1000 | 1000 |
| 34 | 1404008 Delayed Registration Fees | 7500 | 7500 |
| 35 | 1404009 Search Fees | 5000 | 5000 |
| 36 | 1404011 Late Fee | 2000 | 2000 |
| 37 | 1404099 Other Fees | 260000 | 50000 |
| 38 | 1405024 Fee for Inspection of Food | 50000 | 0 |
| 39 | 1405099 Other User Charges | 10000 | 50000 |
| 40 | 1407001 Road Cutting Charges | 10000 | 10000 |
| | **Total Fees and User Charges** | **4275000** | **4254500** |
| | **Sale and Hire Charges - 150** | | |
| 41 | 1501102 Receipts from Sale of Tender Forms | 600000 | 600000 |
| 42 | 1501202 Receipts from Sale of Scrap | 100000 | 25000 |
| 43 | 1501203 Receipts from auction of obsolete assets | 10000 | 10000 |
| | **Total Sale and Hire Charges** | **710000** | **635000** |
| | **Revenue Grants, Contributions and Subsidies - 160** | | |
| 44 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 7000000 | 7000000 |

| | | | |
|---|---|---|---|
| 45 | 1601012 Fund for Transferred Functions/ Schemes - Widow Pension | 42500000 | 42500000 |
| 46 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 5200000 | 5200000 |
| 47 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 11500000 | 11500000 |
| 48 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 8000000 | 8000000 |
| 49 | 1601023 General Purpose Fund | 27000000 | 31627000 |
| 50 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 5500000 | 10000000 |
| | **Total Revenue Grants, Contributions and Subsidies** | **106700000** | **115827000** |
| | **Income from Investments - 170** | | |
| 51 | 1701001 Interest on Investments | 500000 | 0 |
| 52 | 1701002 Interest on Fixed Deposits | 0 | 200000 |
| | **Total Income from Investments** | **500000** | **200000** |
| | **Interest Earned - 171** | | |
| 53 | 1711001 Interest from Bank Accounts | 800000 | 500000 |
| | **Total Interest Earned** | **800000** | **500000** |
| | **Other Income - 180** | | |
| 54 | 1803001 Profit on Disposal of Fixed Assets | 190000 | 0 |
| 55 | 1808005 Receipts from Solar Power Energy | 10000 | 10000 |
| 56 | 1808099 Miscellaneous Receipts | 10000 | 5000 |
| | **Total Other Income** | **210000** | **15000** |
| | **Rental Income - LB Properties - 130** | | |
| 57 | 1301009 Rent from Auditorium and Halls | 300000 | 300000 |
| 58 | 1302003 Rent from Buildings | 300000 | 300000 |
| 59 | 1308002 Rent from Localbody Properties | 3000 | 10000 |
| 60 | 1308099 Other Rents | 0 | 5000 |
| | **Total Rental Income** | **603000** | **615000** |
| | **Total Revenue Receipt** | **123798000** | **132646500** |
| | **Capital Receipt - 2** | | |

| | | | |
|---|---|---|---|
| | **Grants, Contribution for Specific Purposes - 320** | | |
| 61 | 3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres | 327757 | 350000 |
| 62 | 3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs | 2775000 | 0 |
| 63 | 3201003 Grants for Specific Purposes - Health Grant towards buildingless Subcentres, PHCs and CHCs | 344000 | 350000 |
| 64 | 3201004 Central Finance Commission Grant - Tied | 16052988 | 11245000 |
| 65 | 3201005 Central Finance Commission Grant - Untied | 5400109 | 6000000 |
| 66 | 3201020 Intergrated Child Development Service | 3000565 | 3200000 |
| 67 | 3201027 Swaccha Bharat Mission - Grameen | 1394000 | 100000 |
| 68 | 3201029 Swaccha Bharat Mission - Solid Waste Management | 210000 | 100000 |
| 69 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 50000000 | 66000000 |
| 70 | 3202001 Development Fund - General | 31794480 | 42237000 |
| 71 | 3202002 Development Fund - Special Component Plan | 16979728 | 16721000 |
| 72 | 3202009 Maintenance Fund - Road Assets | 43017000 | 32393000 |
| 73 | 3202010 Maintenance Fund - Non-Road Assets | 3806439 | 4342000 |
| 74 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | 18440000 | 20000000 |
| 75 | 3202032 Literacy Scheme Grant | 100000 | 0 |
| 76 | 3204001 Grant from Financial Institutions | 18869900 | 35000000 |
| 77 | 3208010 Beneficiary Contribution | 2821446 | 2500000 |
| 78 | 3209001 Contribution to Joint Venture Projects from District Panchayat | 3316019 | 3500000 |
| 79 | 3209002 Contribution to Joint Venture Projects from Block Panchayat | 5206840 | 5500000 |
| | **Total Grants, Contribution for Specific Purposes** | **223856271** | **249538000** |
| | **Deposits Received - 340** | | |
| 80 | 3402001 Rent Deposit | 10000 | 0 |
| 81 | 3402002 Auction Deposit | 2000 | 2000 |
| 82 | 3408001 Deposit Received From Halls, Stadiums and Auditoriums | 25000 | 25000 |

| | | | |
|---|---|---|---|
| | **Total Deposits Received** | **37000** | **27000** |
| | **Other Liabilities - 350** | | |
| 83 | 3502018 Recoveries Payable-Audit Recovery | 50000 | 50000 |
| 84 | 3503001 Government and Other Dues Payable - Library Cess Payable | 500000 | 500000 |
| 85 | 3503008 Government and Other Dues Payable - CGST | 50000 | 50000 |
| 86 | 3503009 Government and Other Dues Payable - SGST | 50000 | 50000 |
| 87 | 3504101 Advance Collection of Revenues | 25000 | 25000 |
| | **Total Other Liabilities** | **675000** | **675000** |
| | **Investments - 420** | | |
| 88 | 4208001 Fixed Deposits | 15000000 | 0 |
| | **Total Investments** | **15000000** | **0** |
| | **Redemption - 431** | | |
| 89 | 4315002 Receivables from Government (redemption amount) | 30487831 | 0 |
| | **Total Redemption** | **30487831** | **0** |
| | **Loans, Advances and Deposits - 460** | | |
| 90 | 4601001 Festival Advance to Employees | 172000 | 180000 |
| | **Total Loans, Advances and Deposits** | **172000** | **180000** |
| | **Total Capital Receipt** | **270228102** | **250420000** |
| | **Revenue Expenditure - 3** | | |
| | **Establishment Expenses - 210** | | |
| 91 | 2101001 Salaries -Secretary | 1200000 | 1500000 |
| 92 | 2101003 Salaries - Permanent Staff | 8500000 | 10000000 |
| 93 | 2101004 Salaries - Contract Staff | 1200000 | 1500000 |
| 94 | 2101007 Salaries - Part time Contingent Staff | 236314 | 300000 |
| 95 | 2101101 Wages | 800000 | 1000000 |
| 96 | 2101201 Bonus | 15000 | 15000 |
| 97 | 2101401 Honourarium | 400000 | 200000 |
| 98 | 2101501 Festival Allowance | 0 | 100000 |
| 99 | 2102001 Travelling Allowances - Secretary | 40000 | 50000 |

| | | | |
|---|---|---|---|
| 100 | 2102003 Travelling Allowances - Permanent Staff | 200000 | 200000 |
| 101 | 2102004 Travelling Allowances - Temporary Staff | 15000 | 0 |
| 102 | 2102010 Other allowances - Contingent Staff | 0 | 200000 |
| 103 | 2102014 Monthly Honorarium and Sitting Allowance - Councillors/ Members | 2000000 | 2500000 |
| 104 | 2102016 Other Benefits and Allowances | 250000 | 0 |
| 105 | 2102017 Festival Allowance | 100000 | 0 |
| 106 | 2102018 Spectacle Allowance | 0 | 10000 |
| 107 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 150000 | 200000 |
| 108 | 2102020 Telephone Allowance - Secretary | 5000 | 5000 |
| 109 | 2102021 Telephone Allowance - Mayor/ Chairperson/ President | 5000 | 5000 |
| 110 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | 5000 | 5000 |
| 111 | 2104001 Terminal Leave Surrender | 1500000 | 1000000 |
| 112 | 2105001 Remuneration | 100000 | 0 |
| 113 | 2105099 Other Establishment Expenses | 500000 | 500000 |
| | **Total Establishment Expenses** | **17221314** | **19290000** |
| | **Administrative Expenses - 220** | | |
| 114 | 2201005 Vehicle Tax | 20000 | 0 |
| 115 | 2201101 Office Electricity Expenses | 50000 | 50000 |
| 116 | 2201102 Water Charges - Office | 800000 | 100000 |
| 117 | 2201105 Water Charges - LB buildings | 100000 | 100000 |
| 118 | 2201199 Other Office Maintenance Expenses | 300000 | 200000 |
| 119 | 2201201 Telephone Expenses/ Internet Charges | 100000 | 100000 |
| 120 | 2201202 Postage Expenses | 25000 | 100000 |
| 121 | 2201299 Miscellaneous Communication Expenses | 200000 | 0 |
| 122 | 2202001 Books & Periodicals | 150000 | 150000 |
| 123 | 2202101 Printing & Stationery | 400000 | 300000 |
| 124 | 2204001 Insurance | 75000 | 50000 |

| | | | |
|---|---|---|---|
| 125 | 2205101 Miscellaneous Legal Expenses | 100000 | 50000 |
| 126 | 2205201 Professional & Other Fees | 100000 | 100000 |
| 127 | 2206001 Newspaper Advertisement Charges | 200000 | 100000 |
| 128 | 2206002 Keralolsavam Expenses | 150000 | 150000 |
| 129 | 2206099 Other Advertisement & Publicity Charges | 250000 | 0 |
| 130 | 2206101 Membership & Subscriptions | 100000 | 100000 |
| 131 | 2208002 Workshops and Seminars | 10000 | 0 |
| 132 | 2208003 Grama Sabha/ Ward Sabha Expenses | 100000 | 100000 |
| 133 | 2208005 Donations And Contributions As Per Government Order | 300000 | 200000 |
| 134 | 2208006 Expenses towards removal of unauthorised hoardings, Boards, Banners etc.. | 10000 | 10000 |
| 135 | 2208099 Miscellaneous Administration Expenses | 550000 | 500000 |
| 136 | 2302001 Water Charges - Street Tap | 300000 | 0 |
| | **Total Administrative Expenses** | **4390000** | **2460000** |
| | **Operation and Maintenance - 230** | | |
| 137 | 2301001 Electricity Charges for Street Lights | 1500000 | 1500000 |
| 138 | 2301002 Fuel Charges | 200000 | 200000 |
| 139 | 2301003 Electricity Charges of Other Buildings of LB | 150000 | 150000 |
| 140 | 2304001 Vehicle Hire Charges | 100000 | 50000 |
| 141 | 2304002 Equipment Hire Charges | 50000 | 50000 |
| 142 | 2304099 Other Hire Charges | 25000 | 0 |
| 143 | 2304101 Compensation for Dog Bite | 200000 | 200000 |
| 144 | 2304201 Reward for Reporting Waste Dumping | 100000 | 50000 |
| 145 | 2305001 Repairs & Maintenance - Roads and Pavements | 100000 | 100000 |
| 146 | 2305201 Repairs & Maintenance - Buildings | 100000 | 0 |
| 147 | 2305301 Repairs & Maintenance - Vehicles | 300000 | 200000 |
| 148 | 2305901 Repairs & Maintenance - Machinery | 200000 | 0 |
| 149 | 2305902 Repairs & Maintenance - Office Equipments | 200000 | 300000 |
| 150 | 2305909 Other Repairs & Maintenance | 200000 | 300000 |

| | | | |
|---|---|---|---|
| 151 | 2308003 Expenses for Burying Unclaimed Dead bodies | 10000 | 10000 |
| 152 | 2308005 Expenses relating to collection of Taxes | 600000 | 300000 |
| 153 | 2308008 Expenses Related to Pandemic/Epidemic Control | 300000 | 250000 |
| 154 | 2308010 Extra - ordinary Expenses | 100000 | 100000 |
| 155 | 2308011 Expenses For Removal Of Unauthorized Construction | 50000 | 0 |
| 156 | 2308012 Expenses Related To Removal Of Encroachments | 50000 | 50000 |
| 157 | 2308013 Sanitation Expenses | 200000 | 300000 |
| 158 | 2308014 Expenses related to Inaugurations and Ceremonies | 0 | 50000 |
| 159 | 2308015 Expenses for the destruction of Wild Boar etc | 0 | 100000 |
| 160 | 2308101 Post Shifting Charge | 100000 | 0 |
| 161 | 2308201 Refreshment Charges | 250000 | 300000 |
| | **Total Operation and Maintenance** | **5085000** | **4560000** |
| | **Interest and Finance Charges - 240** | | |
| 162 | 2407001 Bank Charges | 15000 | 10000 |
| 163 | 2408001 Other Finance Expenses | 100000 | 0 |
| | **Total Interest and Finance Charges** | **115000** | **10000** |
| | **Programe Expenses - 250** | | |
| 164 | 2502001 Expenditure on Poverty Eradication Program | 50000000 | 0 |
| | **Total Programe Expenses** | **50000000** | **0** |
| | **Expenses Related to Productive Sector - 251** | | |
| 165 | 2510101 Agriculture - Paddy | 6460000 | 8000000 |
| 166 | 2510104 Agriculture - Vegetables | 300000 | 300000 |
| 167 | 2510105 Agriculture - Plaintane | 124990 | 150000 |
| 168 | 2510110 Agriculture - Floriculture | 66664 | 100000 |
| 169 | 2510132 Agriculture Related Facilities | 1320000 | 15000000 |
| 170 | 2510201 Animal Husbandry - Cow | 1700000 | 1700000 |
| 171 | 2510202 Animal Husbandry - Goat | 1660000 | 1660000 |
| 172 | 2510205 Animal Husbandry - Poultry | 514150 | 600000 |
| 173 | 2510209 Animal Husbandry - Infrastructure | 574815 | 600000 |

| | | | |
|---|---|---|---|
| 174 | 2510210 Animal Husbandry - Disease Control | 290000 | 360000 |
| 175 | 2510305 Dairy Development - Milk Incentives | 1150000 | 800000 |
| 176 | 2510804 Environment Conservation | 50000 | 50000 |
| 177 | 2511301 Self Employment and Marketing Promotion | 1000000 | 1000000 |
| | **Total Expenses Related to Productive Sector** | **15210619** | **30320000** |
| | **Expenses Related to Service Sector - 252** | | |
| 178 | 2520107 Education-Related Activities | 2032000 | 3050000 |
| 179 | 2520111 Contribution towards SSA | 1300000 | 1500000 |
| 180 | 2520202 Literacy Equivalance Examination | 100000 | 100000 |
| 181 | 2520503 Arts,Culture,Sports and Youth Welfare-Promotion | 150000 | 230000 |
| 182 | 2520602 Health related Programs | 1881906 | 2000000 |
| 183 | 2520617 Epidemic Control | 13880 | 300000 |
| 184 | 2520618 Medical Institution - Allopathy | 1976627 | 2500000 |
| 185 | 2520619 Medical Institution - Ayurvedic | 975000 | 1200000 |
| 186 | 2520620 Medical Institution - Homoeo | 450000 | 500000 |
| 187 | 2520701 Drinking Water - Individual | 725400 | 500000 |
| 188 | 2520702 Drinking Water - Public | 1175062 | 5543362 |
| 189 | 2520801 Housing & House Electrification - Individual | 57095000 | 2500000 |
| 190 | 2520903 Women Welfare | 1000000 | 2200000 |
| 191 | 2520904 Welfare of the Aged | 957000 | 630000 |
| 192 | 2520905 Welfare Programs for the Destitute | 142331 | 0 |
| 193 | 2520906 Welfare Programs for Physically/ Mentally Challenged | 2288500 | 2000000 |
| 194 | 2521001 Anganwadi Nutrition | 5056356 | 5500000 |
| 195 | 2521002 Other Nutrition Distribution Programme | 162000 | 0 |
| 196 | 2521102 Anganwadi Related Services | 125000 | 200000 |
| 197 | 2521402 Electricity Line - Transformer - Voltage Improvement | 30000 | 0 |
| 198 | 2521601 Local Government Service Delivery Improvement | 1019420 | 1200000 |
| 199 | 2521602 Payments to IKM | 150000 | 0 |
| 200 | 2521701 Allied Institution Service Delivery Improvement | 369888 | 0 |

| | | | |
|---|---|---|---|
| 201 | 2521902 Sanitation & Waste Management - Public | 100000 | 1500000 |
| 202 | 2521903 Public Sanitation - Related Activities | 5283942 | 0 |
| 203 | 2521904 Toilet (Individual) | 1163000 | 1500000 |
| 204 | 2521905 Toilet (Institution Level) | 219713 | 400000 |
| 205 | 2522001 Plan Formulation, Implementation and Monitoring | 693661 | 700000 |
| 206 | 2522201 Disaster Management - Related Services | 100000 | 100000 |
| 207 | 2522304 Solid Waste Management - Classification | 210000 | 0 |
| 208 | 2522305 Solid Waste Management - Collection and Transportation | 800000 | 1000000 |
| 209 | 2522308 Solid Waste Management - Processing - Centralised | 700000 | 0 |
| 210 | 2522310 Solid Waste Management - Disposal | 1229924 | 1500000 |
| 211 | 2522311 Solid Waste Management - Integrated Projects | 200000 | 0 |
| 212 | 2523201 Information and Knowledge Dissemination Capacity Development | 50000 | 0 |
| | **Total Expenses Related to Service Sector** | **89925610** | **38353362** |
| | **Expenses Related to Infrastructure Sector - 253** | | |
| 213 | 2530101 Street Lights | 1868800 | 0 |
| 214 | 2530201 Roads | 2005860 | 0 |
| | **Total Expenses Related to Infrastructure Sector** | **3874660** | **0** |
| | **Expenses related to State Sponsored Schemes - 254** | | |
| 215 | 2540103 Financial help to widows towards marriage expenses of daughters | 0 | 150000 |
| 216 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | 7000000 | 7000000 |
| 217 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 42500000 | 42500000 |
| 218 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 5200000 | 5200000 |
| 219 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | 11500000 | 11500000 |
| 220 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 8000000 | 8000000 |

| | | | |
|---|---|---|---|
| 221 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | 5500000 | 10000000 |
| | **Total Expenses related to State Sponsored Schemes** | **79700000** | **84350000** |
| | **Prior Period Items - 280** | | |
| 222 | 2808001 Prior Period Expenses | 200000 | 200000 |
| | **Total Prior Period Items** | **200000** | 200000 |
| | **Total Revenue Expenditure** | **265722203** | **179543362** |
| | **Capital Expenditure - 4** | | |
| | **Refund of Deposits - 340** | | |
| 223 | 3401001 Earnest Money Deposit | 100000 | 100000 |
| 224 | 3401002 Security Deposit | 600000 | 600000 |
| 225 | 3401003 Retention | 300000 | 300000 |
| 226 | 3402006 Election Deposit(Candidate) | 250000 | 100000 |
| | **Total Refund of Deposits** | **1250000** | **1100000** |
| | **Payment of Recoveries - 350** | | |
| 227 | 3501102 Net Salary Payable | 1755831 | 1500000 |
| 228 | 3501116 Pension Contribution Payable | 47875 | 62000 |
| 229 | 3501301 Employers Liabilities - Pension Contribution (NPS) | 400000 | 400000 |
| 230 | 3501303 Employers Liabilities - Pension Contribution | 452125 | 500000 |
| 231 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | 58700 | 100000 |
| 232 | 3502003 Recoveries Payable - Subscription to Provident Fund for Municipal Regular employees | 2190 | 5000 |
| 233 | 3502006 Recoveries Payable - Insurance Premium | 3233 | 5000 |
| 234 | 3502007 Recoveries Payable - Court Attachments | 3000 | 3000 |
| 235 | 3502012 Recoveries Payable - State Life Insurance | 9550 | 10000 |
| 236 | 3502014 Recoveries Payable - Group Insurance | 10400 | 15000 |
| 237 | 3502020 Recoveries Payable - Employee Share NPS | 22652 | 35000 |
| 238 | 3502022 Recoveries Payable -Medisep -Regular | 6000 | 8000 |
| 239 | 3503001 Government and Other Dues Payable - Library Cess Payable | 867271 | 1000000 |
| | **Total Payment of Recoveries** | **3638827** | |

| | | | |
|---|---|---|---|
| | **Fixed Assets - 410** | | |
| 240 | 4102005 Hospital Buildings | 2795000 | 2795000 |
| 241 | 4103001 Concrete Roads | 22338176 | 22338176 |
| 242 | 4103002 Black Topped Roads | 25230584 | 25230584 |
| 243 | 4103003 Interlocked Roads | 360000 | 360000 |
| 244 | 4103006 Mud Roads | 425000 | 425000 |
| 245 | 4103008 Bridges | 200000 | 200000 |
| 246 | 4103012 Side Walls | 3861541 | 3861541 |
| 247 | 4103099 Other Constructions | 500000 | 500000 |
| 248 | 4103102 Drainage | 1830789 | 1830789 |
| 249 | 4103302 Street Light | 500000 | 500000 |
| 250 | 4106002 Computers, Printers & Peripherals | 921000 | 921000 |
| 251 | 4107001 Furniture, Fixtures, Fittings & Electrical Appliances | 250000 | 250000 |
| 252 | 4108001 Other Fixed Assets | 570000 | 570000 |
| | **Total Fixed Assets** | **59782090** | **59782090** |
| | **Investments - 420** | | |
| 253 | 4208001 Fixed Deposits | 15000000 | 0 |
| | **Total Investments** | **15000000** | **0** |
| | **Loans, Advances and Deposits - 460** | | |
| 254 | 4601001 Festival Advance to Employees | 86000 | 100000 |
| 255 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 1700000 | 2000000 |
| | **Total Loans, Advances and Deposits** | **1786000** | **2100000** |
| | **Total Capital Expenditure** | **81456917** | **62982090** |
| | **Total Expenditure** | **346926030** | **242525452** |
| | **Total Receipts** | **394026102** | **289780904** |
| | **Balance** | **93285596** | **47255452** |